# വാഹന വകുപ്പിൽ വീണ്ടും പരിഷ്കാരങ്ങൾ

അപകടത്തിൽ പെടുന്ന വാഹനങ്ങൾ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ തന്നെ പരിശോധിക്കണമെന്ന നിബന്ധന മാറ്റിയതും ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് ജില്ലാ ആസ്ഥാനങ്ങളിൽ മാത്രം നടത്താനുള്ള തീരുമാനം മാറ്റിയതും ജനങ്ങൾക്കനുകൂലമായി മോട്ടോർ വാഹന വകുപ്പിൽ നിന്നുണ്ടായ രണ്ടു തീരുമാനങ്ങളാണ്.

ജില്ലയിൽ ഒരു എം.ടി.ഒ.യ്ക്കു മാത്രമേ ഉള്ളൂ എന്നതിനാൽ അപകടത്തിൽപെട്ട വാഹനങ്ങളെല്ലാം അദ്ദേഹം തന്നെ പരിശോധിക്കണമെന്ന നിബന്ധന കാര്യങ്ങൾ വൈകിക്കുന്നതിനും കൈക്കൂലി വർദ്ധിക്കുന്നതിനും മാത്രമേ ഉപകരിച്ചിരുന്നുള്ളൂ.

ഒരു ജില്ലയിലെ ഡ്രൈവിംഗ് ലൈസൻസ് വേണ്ട എല്ലാവരും ഒരു കേന്ദ്രത്തിൽ എത്തി കാത്തുകെട്ടി കിടക്കേണ്ടിവന്നിരുന്ന ദുരവസ്ഥയും മാറിക്കിട്ടി. മുമ്പത്തെപ്പോലെ എല്ലാ ഉപ കേന്ദ്രങ്ങളിലും വച്ചു ടെസ്റ്റ് നടത്താമെന്നു വന്നതോടെ അപേക്ഷകർക്കും ഉദ്യോഗസ്ഥർക്കും കാര്യങ്ങൾ എളുപ്പമായി.

ഈ മാറ്റങ്ങൾ വരുത്തിയ പുതിയ ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ അൽഫോൻസ് കണ്ണന്താനത്തെ അഭിനന്ദിച്ചേ തീരൂ.

ജെ.കെ.തിരുവല്ല